സീ - പ്ലെയിൻ പദ്ധതി

288 (4574) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീ-പ്ലെയിൻ പദ്ധതി പ്രകാരം എത്ര പ്ലെയിനുകളാണ് കേരളത്തിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നത്; ആയത് ഏതൊക്കെ സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ഘാടനം എവിടെവെച്ചാണ് സംഘടിപ്പിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പദ്ധതിക്കായി സീ-പ്ലെയിൻ വാങ്ങിയത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; ഏത് കമ്പനിയിൽനിന്ന് എത്ര തുകയ്ക്കാണ് വാങ്ങിയിട്ടുള്ളത്?

ഉത്തരം

(എ) നിലവിൽ സീ-പ്ലെയിൻ പദ്ധതി പ്രകാരം കേരളത്തിൽ ജലവിമാനങ്ങൾ ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല.

(ബി) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ടൂറിസം വകുപ്പാണ് ഒരുക്കിയിരിക്കുന്നത്. 'ഓപ്പൺ സ്കൈ' പോളിസിയുടെ ഭാഗമായി കൈരളി ഏവിയേഷൻ ലിമിറ്റഡിന്റെ സെസ്ന 206 എ വിഭാഗത്തിൽപ്പെട്ട സീ-പ്ലെയിൻ ആണ് തദവസരത്തിൽ സർവ്വീസിനായി എത്തിയത്.

(സി) പദ്ധതിക്കായി സീ-പ്ലെയിനുകൾ വാങ്ങിയിട്ടില്ല. സർക്കാരിനുവേണ്ടി പദ്ധതിയുടെ നോഡൽ ഏജൻസിയായ കെ.ടി.ഐ.എൽ. അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് ഒരുക്കുന്നത്. DGCA-യുടെ അനുമതിയുള്ള ഏത് ഓപ്പറേറ്റർമാർക്കും 'ഓപ്പൺ സ്കൈ' പോളിസിയുടെ അടിസ്ഥാനത്തിൽ സർവ്വീസ് നടത്താവുന്നതാണ്.

കെ.ടി.ഡി.സി. യിൽ പെൻഷൻ പദ്ധതി

289(4575) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly